# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2803** | **19.06.2014 -ലെ മറുപടിക്ക് ഉണ്ടായിരുന്നത്** |

### സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുന്നതിനിടയിൽ കേടുപാടുകൾ പറ്റിയ വീടുകൾക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ സ്ഫോടകവസ്തുക്കൾ നിർവീര്യമാക്കുന്ന പ്രവൃത്തി അശ്രദ്ധമായി ചെയ്തതുകാരണം പരിസരത്തെ ഏതെങ്കിലും വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നോ;<br><br>(ബി) ഉണ്ടെങ്കിൽ എന്നാണിത് സംഭവിച്ചത് എന്നും എത്ര വീടുകൾക്ക് കേടുപാട് സംഭവിച്ചു എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) 21.04.2012-ന് എ.ആർ ക്യാമ്പിൽ സ്ഫോടകവസ്തുക്കൾ നിർവീര്യമാക്കുമ്പോഴുണ്ടായ സ്ഫോടനത്തിന്റെ ആഘാതത്തിൽ സമീപത്തുള്ള 162 പേരുടെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. |
| (സി) വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ആരുടെയൊക്കെ അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും എന്നാണ് അപേക്ഷകൾ ലഭിച്ചതെന്നും വ്യക്തമാക്കുമോ; | (സി) വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചത് സംബന്ധിച്ച് 23.04.2012-ന് അപേക്ഷ സമർപ്പിച്ചവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) ഇത് സംബന്ധിച്ച് പഠിക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; ഇവർ ഏതെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) സ്ഫോടകവസ്തുക്കൾ നിർവീര്യമാക്കുമ്പോഴുണ്ടായ സ്ഫോടനത്തിൽ സമീപത്തുള്ള വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി, കൊയിലാണ്ടി പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊജക്ട് മാനേജർ, നിർമിതി കേന്ദ്ര, കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഒരു വിദഗ്ധൻ എന്നിവരുൾപ്പെട്ട വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. വിദഗ്ധ സമിതിയും കോഴിക്കോട് ജില്ലാ കളക്ടറും റിപ്പോർട്ടുകൾ സമർപ്പിച്ചാൽ മാത്രമേ നഷ്ടപരിഹാരം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാനാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**